# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**
**(2016-2017)**

**FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2016-2017)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on September 26, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്

(2016-2017)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-2017)

800/2016.

## ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2016-2018)

### ഘടന

ചെയർമാൻ:

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, ,,

ശ്രീ. ടി. വി. ഇബ്രാഹിം, ,,

ശ്രീ. എം. രാജഗോപാലൻ, ,,

ശ്രീ. വി. പി. സജീന്ദ്രൻ, ,,

ശ്രീ. തോമസ് ചാണ്ടി, ,,

ശ്രീ. പി. ഉണ്ണി, ,,

ശ്രീമതി വീണാ ജോർജ്ജ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 26, ആഗസ്റ്റ് 4 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX —വൈദ്യുതപദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2016 ആഗസ്റ്റ് മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

# റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 52,97,35,63,000 രൂപ

ചാർജ്ജ് ചെയ്തത് : 17,26,000 രൂപ

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേകഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 42,14,98,000 രൂപ (പദ്ധതിയേതരം)

(01)—ഡ്രഗ്സും ഡ്രസ്സിംഗും

വിഹിതം : 15,68,00,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും മുൻകൂറായി വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ട സ്ഥിതിയാണുള്ളതെന്നും, കൂടാതെ ഈ തുകയുടെ 7/8 ഭാഗവും ഇ.എസ്.ഐ കോർപ്പറേഷൻ നാലു ഗഡുക്കളായി സർക്കാരിലേക്ക് തിരികെ നിക്ഷേപിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1932 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(03) —സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

വിഹിതം : 15,00,00,000 രൂപ (പദ്ധതിയേതരം)

2. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും മുൻകൂറായി വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ടതിനാൽ നിലവിലെ രീതിയിൽ ഈ പദ്ധതി തുടരുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>സർക്കാർ ഫണ്ടിലേക്ക് തിരികെ ലഭിക്കുന്ന തുകയായതിനാൽ ഈ ശീർഷകത്തിൽ 1,500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(04) — മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 10,64,80,000 രൂപ

3. ഇ.എസ്.ഐ. പദ്ധതിയിൽ ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ചികിത്സയുടെ ചെലവ് റീം-ഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2016-17 വർഷത്തേക്ക് 1800 ലക്ഷം രൂപ

ആവശ്യപ്പെട്ടിരുന്നെങ്കിലും 1064.80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തൊഴിലാളികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കാൻ ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയാകില്ല. ഈ തുകയുടെ 7/8 ഭാഗവും ഇ.എസ്.ഐ കോർപ്പറേഷൻ നാലു ഗഡുക്കളായി ഗവൺമെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 735.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ട് ചെയ്യുന്നത് : 10,08,77,12,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2230-01-101-96—വ്യാവസായിക ട്രൈബ്യൂണൽ, ആലപ്പുഴ

വിഹിതം : 99,02,000 രൂപ (പദ്ധതിയേതരം)

4. വ്യാവസായിക ട്രൈബ്യൂണൽ ആലപ്പുഴയുടെ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഫീസ് ചിലവുകൾ-ടെലഫോൺ ചാർജ് (05(3)) ഇനത്തിൽ 30000 രൂപയും മറ്റിനങ്ങൾ (04) എന്ന ഇനത്തിൽ 1.787 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-95 —വ്യാവസായിക ട്രൈബ്യൂണൽ, കോഴിക്കോട്

വിഹിതം : 76,29,000 രൂപ (പദ്ധതിയേതരം)

5. വ്യാവസായിക ട്രൈബ്യൂണൽ കോഴിക്കോടിന്റെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകൾ പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിന് വിവരസാങ്കേതികവിദ്യ (99) എന്ന ഇനത്തിൽ 2.468 ലക്ഷം രൂപയും ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ (05(04)) എന്ന ഇനത്തിൽ 39,000 രൂപയും അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം : 76,43,000 രൂപ (പദ്ധതിയേതരം)

6. കൊല്ലം വ്യാവസായിക ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായും 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി യാത്രാബത്ത (04(1)) ഇനത്തിൽ 2.5 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ്

01(4) എന്ന ഇനത്തിൽ 1.46 ലക്ഷം രൂപയും മറ്റിനങ്ങൾ 05(4) എന്ന ഇനത്തിൽ 64,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-93 —തൊഴിൽ കോടതി, കൊല്ലം

വിഹിതം : 73,56,000 രൂപ (പദ്ധതിയേതരം)

7. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 2016-17 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ (05(04)) എന്ന ഇനത്തിൽ 80,000 രൂപയും തൊഴിൽ കോടതിക്കായി പുതിയ വാഹനം വാങ്ങുന്നതിന് മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 9 ലക്ഷം രൂപയും അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 62,81,000 രൂപ (പദ്ധതിയേതരം)

8. കോഴിക്കോട് തൊഴിൽ കോടതിയുടെ ആവശ്യത്തിനായി മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 8.50 ലക്ഷം രൂപയും യാത്രാ ചിലവുകൾ-സ്ഥലംമാറ്റ ബത്ത (04(02)) ഇനത്തിൽ 50,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ (05(04)) ഇനത്തിൽ 50,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,19,76,000 രൂപ (പദ്ധതിയേതരം)

9. ഈ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് (05(03)) ഇനത്തിൽ 18,000 രൂപയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 15,000 രൂപയും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 10 ലക്ഷം രൂപയും വാടക,കരം, നികുതി (06) ഇനത്തിൽ 5.48 ലക്ഷം രൂപയും ശമ്പളം, മെഡിക്കൽ റീഇംബേഴ്സ്മെന്റ് (01(4)) ഇനത്തിൽ 50,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-89—തൊഴിൽ കോടതി, കണ്ണൂർ

വിഹിതം : 66,20,000 രൂപ

(21)-(2) —മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണിയും

വിഹിതം : 26,000 രൂപ

10. ഈ ശീർഷകത്തിൽ 2014 മുതൽക്കുള്ള കുടിശ്ശിക നൽകുന്നതിനും 2016-17 സാമ്പത്തിക വർഷത്തെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86 —വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 68,75,000 രൂപ (പദ്ധതിയേതരം)

11. ഈ കാര്യാലയത്തിലെ ഔദ്യോഗിക വാഹനത്തിന് ഔദ്യോഗിക യാത്രക്കിടെ അപകടം ഉണ്ടായതിനാലും യന്ത്രഭാഗത്തിന് ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതിനാലും പുതിയ വാഹനം വാങ്ങേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വാഹനം വാങ്ങുന്നതിന് മോട്ടോർ വാഹനങ്ങൾ (21) എന്ന ശീർഷകത്തിൽ 8 ലക്ഷം രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 75,000 രൂപയും അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-85—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 74,28,000 രൂപ (പദ്ധതിയേതരം)

12. ഈ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി വാടക (06) ഇനത്തിൽ 2.15 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 2.92 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ (05(04)) ഇനത്തിൽ 2.95 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 8.35 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-96 —കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 2,40,00,000 രൂപ (പദ്ധതിയേതരം)

13. 2015-16-ലെ പെൻഷൻ ബാധ്യത കൊടുത്തു തീർക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,653.53 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-94-10—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന.

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

14. മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരം നൽകിവരുന്ന സാമ്പത്തിക സഹായം 28-11-2014 മുതൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2015-16 -ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള

കുടിശ്ശികയും 2016-17-ലെ ധനസഹായം വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 111.40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളിയുടെ ആശ്രിതർക്ക് ഇപ്പോൾ നൽകിവരുന്ന 1 ലക്ഷം രൂപയുടെ ധനസഹായം 10 ലക്ഷം രൂപയായി ഉയർത്തണമെന്നും അപകടത്തെത്തുടർന്ന് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകി വരുന്ന 50,000 രൂപയുടെ ധനസഹായം 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതി.

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

16. 2015-16 ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2016-17-ലെ പെൻഷൻ വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 742 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-89 —തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും.

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

17. തൊഴിലാളികൾക്കുള്ള കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സർക്കാരിന് അത് നിരീക്ഷിക്കുന്നതിനുമായി ഏർപ്പെടുത്തിയ ഈ സംവിധാനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-88 —കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം.

വിഹിതം : 36,61,000 രൂപ (പദ്ധതിയേതരം)

18. മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത നാലു ലക്ഷത്തിലധികം അംഗങ്ങളുള്ള ഈ ക്ഷേമനിധിക്കായി 2015-16-ലെ കുടിശ്ശികയും 2016-17-ലെ അംശദാനവും അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 141.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമ പദ്ധതികളും.

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

19. 2015-16-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2016-17-ലെ പെൻഷൻ വിതരണം നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5604.62 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-84 —തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി.

വിഹിതം : 50,00,000 രൂപ (പദ്ധതി)

20. തൊഴിൽ വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായുള്ള ഈ പുതിയ പദ്ധതിയ്ക്കായി 2016-17 ലെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

21. 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 22 ലക്ഷം രൂപയും ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ സർക്കാർ ഗ്രാന്റായി 413 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-78-10—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് - സംഭാവന.

വിഹിതം : 26,00,000 രൂപ (പദ്ധതിയേതരം)

22. 60 വയസ്സ് തികഞ്ഞ ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള തുകയാണ് ഇതിൽ വകകൊള്ളിച്ചിട്ടുള്ളത്. 2015-16-ലെ പെൻഷൻ കുടിശ്ശികയും, 2016-17-ലെ പെൻഷനും അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 3.22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-77-10 —കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധിയിലേക്ക് സംഭാവന.

വിഹിതം : 52,000 രൂപ (പദ്ധതിയേതരം)

23. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 48,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-73-10 —കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി-അംശദാനം-സംഭാവന.

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

24. 2015-2016-ലെ പെൻഷൻ കടിശ്ശികയും 2016-2017-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 204.94 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-72-10—കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡ് - അംശദാനവും - സംഭാവന.

വിഹിതം : 85,00,000 രൂപ (പദ്ധതിയേതരം)

25. 2015-16 വർഷത്തെ മാച്ചിംഗ് ഗ്രാന്റായി 3,378 ലക്ഷം രൂപയ്ക്ക് ബോർഡിന് അർഹതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 85 ലക്ഷം രൂപയ്ക്കു പുറമേ 3,293 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമബോർഡ് അംശദാനം - സംഭാവന.

വിഹിതം : 1,72,80,000 രൂപ (പദ്ധതിയേതരം)

26. 2015-16-ലെ പെൻഷൻ കടിശ്ശികയും, 2016-17-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് 896.40 ലക്ഷം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 723.60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-70—പൂട്ടിക്കിടക്കുന്ന കമ്പനികളിലേയും എസ്റ്റേറ്റുകളിലേയും തൊഴിലാളികൾക്ക് നൽകി വരുന്ന പ്രത്യേക ഉത്സവ ആനുകൂല്യം.

വിഹിതം : 2,25,00,000 രൂപ (പദ്ധതിയേതരം)

27. പൂട്ടിക്കിടക്കുന്ന കമ്പനികളിലേയും എസ്റ്റേറ്റുകളിലേയും തൊഴിലാളികൾക്ക് നൽകി വരുന്ന ഉത്സവ ബത്തയിൽ വർഷം തോറും ആനുകാലിക വർദ്ധനവ് വരുത്തുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-65—രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (60% കേന്ദ്രസഹായം)

വിഹിതം : 125,00,00,000 രൂപ (പദ്ധതി)

28. 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര കടിശ്ശിക വിഹിതം ലഭിക്കുന്നതിനും 22.77 ലക്ഷം പോളിസികൾ പുതുക്കുന്നതിനും 2016-17 ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1374 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി - സംഭാവന.

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

29. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടിയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾക്കു പുറമേ ഒരു തോട്ടം കൂടി പൂട്ടിയ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക സമാശ്വാസപ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 450 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

2230-01-103-61-10—കേരള ബാർബർ - ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി - സംഭാവന.

വിഹിതം : 46,55,000 രൂപ (പദ്ധതിയേതരം)

30. പെൻഷൻ വിതരണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മുൻ വർഷത്തെ അംശാദായ കടിശ്ശിക ഉൾപ്പെടെ 2016-17 സാമ്പത്തിക വർഷത്തേക്ക് 326.13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-59-10—കേരള പീടിക വാണിജ്യ തൊഴിലാളിക്ഷേമനിധി ബോർഡ് സംഭാവന.

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

31. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2015-16 വരെ സർക്കാരിൽ നിന്നും കടിശ്ശിക ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 609.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-58-10—കേരള ചെറുകിട തോട്ടംതൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന.

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

32. 2016-17 വർഷത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയിട്ടുള്ള ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-57-10 —കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന.

വിഹിതം : 1,40,000 രൂപ (പദ്ധതിയേതരം)

33. കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്റ്റ് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയറായി ബോർഡിന് നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 1.40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം പ്രസ്തുത ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-52—ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യഇൻഷ്വറൻസ് പദ്ധതി (ആവാസ്)

വിഹിതം : 1,000 രൂപ (പദ്ധതി)

34. ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന കേരളത്തിൽ അവരുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് മുഖേന പ്രസ്തുത തൊഴിലാളികളെ മുഴുവൻ രജിസ്റ്റർ ചെയ്യുവാനും മൂന്ന് വർഷത്തിൽ കുറയാതെ സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തു വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുമായുള്ള പദ്ധതിയുടെ ഒന്നാം പാദത്തിൽ 5 ലക്ഷത്തോളം തൊഴിലാളികളെ തെരഞ്ഞെടുത്ത് അംഗത്വം നൽകാനും തെരഞ്ഞെടുക്കപ്പെട്ട ഉചിതമായ ഏജൻസിയെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികൾ വാഹകരായി കൊണ്ടുവരുന്ന രോഗങ്ങളും ഇവർ താമസിക്കുന്ന വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന പുതിയ രോഗങ്ങളും ഭീഷണിയാകുന്ന സാഹചര്യത്തിൽ ആവാസ് പോലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ പ്രാധാന്യമർഹിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു.

35. 2016-17 സാമ്പത്തിക വർഷത്തിലെ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

36. ഇതര സംസ്ഥാന തൊഴിലാളികളുടെ അംഗസംഖ്യ തിട്ടപ്പെടുത്തുന്നതിനും അത് കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനും സംവിധാനമുണ്ടാകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 1,25,00,000 രൂപ (പദ്ധതിയേതരം)

37. 2008-09 വർഷം മുതൽ സംസ്ഥാനത്തെ എഴുത്താശ്ശാൻ-ആശാട്ടി തുടങ്ങി അസംഘടിതമേഖലയിലെ 60 വയസ് കഴിഞ്ഞ തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം നൽകിക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്നവർക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന ഈ പദ്ധതിയിൻ കീഴിൽ 2015-16-ലെ പെൻഷൻ കുടിശ്ശിക, 2016-17-ലെ പെൻഷൻ എന്നിവ അനുവദിക്കുന്നതിനു നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 575.12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-50-10—കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി

വിഹിതം : 13,00,000 രൂപ (പദ്ധതിയേതരം)

38. ഈ പദ്ധതിയുടെ വ്യവസ്ഥയനുസരിച്ച് തൊഴിലാളി വിഹിതത്തിന്റെ 20% സർക്കാർ വിഹിതമായി നൽകേണ്ടതാണ്. സർക്കാർ നൽകുവാനുള്ള അംശാദായ കുടിശ്ശിക ഉൾപ്പെടെ 2016-17 വർഷത്തേക്ക് 180.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-35—കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി.

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

39. സംസ്ഥാനത്തെ സ്റ്റാറ്റേർഡ് ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിയ്ക്ക് 2016-17-ൽ 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2014-15, 2015-16 എന്നീ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 1056 ലക്ഷം രൂപ സർക്കാർ സഹായമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-25—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ.

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

40. 2016-17 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ക്ഷേമനിധി ബോർഡുകളുടെ ആവശ്യകത പരിഗണിച്ച് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-20—ചുമട്ടു തൊഴിലാളി (അൺ അറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതി

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

41. കേരള ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരു ത്തിയിരിക്കുന്നു. 2014-15, 2015-16 എന്നീ വർഷങ്ങളിലെ പെൻഷൻ കുടിശ്ശികയും 2016-17 സാമ്പത്തിക വർഷത്തെ പെൻഷനും നൽകുന്നതിന് 9.19 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-16—അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസപദ്ധതി.

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

42. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം നൽകുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് വീടുകൾ നിർമ്മിച്ച് ചെറിയ പ്രതിശീർഷക വാടക ഈടാക്കി നൽകുന്നതിനുള്ള ഒരു പദ്ധതി 'അപ്നാഘർ' എന്ന പേരിൽ ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമായി പാലക്കാട് കഞ്ചിക്കോട് ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ 2016 ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത പദ്ധതിയുടെ അടുത്തഘട്ടം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

43. 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായ തിനാൽ 600 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 48,90,99,000 രൂപ (പദ്ധതിയേതരം)

(04)(1)-യാത്രാബത്ത

വിഹിതം : 8,00,000 രൂപ

44. 2015-16 വർഷത്തെ യാത്രാപ്പടി ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04(4)—അവധിയാത്രാനുകൂല്യം

വിഹിതം : 150,000 രൂപ (പദ്ധതി)

45. 15 വർഷം സർവ്വീസ് പൂർത്തീകരിച്ച 300 ഓളം ഉദ്യോഗസ്ഥർ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ഇനത്തിൽ 3 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05(2) —വൈദ്യുതി ചെലവ്

വിഹിതം : 27,36,000 രൂപ

46. വൈദ്യുതി ചാർജ്ജ് നിരക്കിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുതി ചാർജ്ജിനത്തിൽ 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 3 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-3 —ടെലഫോൺ ചെലവ്

വിഹിതം : 8,82,000 രൂപ

47. ഇന്റർനെറ്റ്, ടെലഫോൺ ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4— മറ്റിനങ്ങൾ

വിഹിതം : 38,72,000 രൂപ

48. 2016-17 സാമ്പത്തിക വർഷം 38.72 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക 2016-17 സാമ്പത്തികവർഷത്തേക്ക് പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26 ഔദ്യോഗിക ഭാഷാ പ്രയോഗം

വിഹിതം : 30,000 രൂപ

49. ഈ ഇനത്തിൽ 70,000 രൂപ കൂടി ഈ വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(97) : വാഹനങ്ങളുടെ വാടക

വിഹിതം : 1,000 രൂപ

50. 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(99) : വിവരസാങ്കേതികവിദ്യ

വിഹിതം : 7,00,000 രൂപ

51. കമ്പ്യൂട്ടർവത്ക്കരണത്തിനും അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനും 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവൽക്കരണം.

വിഹിതം : 50,00,000 രൂപ (പദ്ധതി)

52. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകി വരുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ വഴി നൽകുന്നതിനുമായി ഇപ്പോൾ ഉപയോഗിക്കുന്ന 'തൊഴിൽ' (Thozhil) എന്ന സോഫ്റ്റ്‌വെയറിനു പകരം പുതിയ സോഫ്റ്റ്‌വെയർ എൻ.ഐ.സി കേരള മുഖേന (ഇ-ഓഫീസ് ഫെയിസ്-II) വകുപ്പ് വികസിപ്പിച്ചു വരികയാണെന്നും 23 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

53. 2016-17-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-98—തൊഴിലില്ലാത്തവർക്ക് സഹായം നൽകാനുള്ള പദ്ധതിയും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്ക് വേണ്ടി കേരള സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയും

വിഹിതം : 395,03,000 രൂപ (പദ്ധതിയേതരം)

54. 2015-16 സാമ്പത്തിക വർഷത്തിൽ സ്വയം തൊഴിൽ പദ്ധതിയുടെ പ്രചരണത്തിന്റെ ഭാഗമായി 14 ജില്ലകളിലേയും താലൂക്ക് കേന്ദ്രങ്ങളിൽ സ്വയംതൊഴിൽ പദ്ധതി ബോധവത്ക്കരണ ശിൽപ്പശാലയും അപേക്ഷ വിതരണവും നടത്തിയിരുന്നതായും ഇതിന്റെ ഭാഗമായി പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിനുള്ള ധാരാളം അപേക്ഷകൾ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ലഭിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. അപേക്ഷകർക്ക് പൂർണ്ണമായും സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 16.90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-97—വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

വിഹിതം :37,65,000 രൂപ (പദ്ധതിയേതരം)

04(1) — യാത്രാബത്ത

വിഹിതം : 5,000 രൂപ

55. 2016-17 സാമ്പത്തികവർഷത്തിൽ 10,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

04(2) — സ്ഥലംമാറ്റബത്ത

വിഹിതം : 1,000 രൂപ (പദ്ധതി)

56. 2016-17 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05(04) — മറ്റിനങ്ങൾ

വിഹിതം : 22,000 രൂപ

57. 2016-17 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-96—അംഗവൈകല്യം ബാധിച്ചിട്ടുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സ്പെഷ്യൽ സെൽ.

വിഹിതം : 80,66,000 രൂപ (പദ്ധതിയേതരം)

04(1)—<u>യാത്രാബത്ത</u>

വിഹിതം :11,000 രൂപ

58. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാകയാൽ <u>30,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

04(2)— <u>സ്ഥലംമാറ്റബത്ത</u>

വിഹിതം : 5000 രൂപ

59. 2016-17 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>10,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2230-02-101-93—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)</u>.

വിഹിതം : 1,000 രൂപ (പദ്ധതി)

60. സംരംഭകത്വ അഭിരുചിയുള്ള വിഭിന്ന ശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാമ്പത്തിക സഹായവും പരിശീലനവും മാർഗ്ഗ നിർദ്ദേശവും ലക്ഷ്യമിടുന്ന കൈവല്യ പദ്ധതിയുടെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ <u>50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2230-02-101-92—<u>മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ</u>

വിഹിതം : 100,00,000 രൂപ (പദ്ധതി)

61. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് സ്വയം തൊഴിലിനായി ബാങ്ക് ലോൺ സൗകര്യം ഏർപ്പെടുത്തുന്നതിനായി ഈ പദ്ധതിയുടെ സഹായം ലഭിക്കുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത അപേക്ഷകൾക്ക് സബ്സിഡി നൽകുന്നതിന് 2016-17 ലെ ബഡ്ജറ്റിലെ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ <u>50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹംകഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (ശരണ്യാ)

വിഹിതം : 16,00,00,000 രൂപ (പദ്ധതി)

62. അംഗപരിമിതരായ വനിതകളേയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി ശരണ്യാ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരാക്കുകയും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർ വായ്പ നൽകുന്നതിനും 28-1-2016-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 2016-17 ബജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ.

വിഹിതം : 62,93,000 രൂപ (പദ്ധതിയേതരം)

05(4) — മറ്റിനങ്ങൾ

വിഹിതം : 44,000 രൂപ

63. കോച്ചിംഗ് നടത്തുന്നതിനാവശ്യമായ ഫർണിച്ചറുകൾ കാലപ്പഴക്കം ചെന്ന് റിപ്പയർ ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണെന്നും ടി ഫർണിച്ചറുകൾ മാറ്റി പുതിയത് വാങ്ങുന്നതിന് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഫർണിച്ചറുകൾ വാങ്ങുന്നതിനായി 2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34 — മറ്റു ചെലവുകൾ

വിഹിതം : 2,50,000 രൂപ

64. ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും, ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.50 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 5,87,18,000 രൂപ (പദ്ധതിയേതരം)

65. ട്രെയിനിംഗ് ഡയറക്ടറേറ്റിന് യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹന റിപ്പയറിംഗ് തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30.47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 23,51,000 രൂപ (പദ്ധതിയേതരം)

66. യാത്രാ ചെലവുകൾ, ടെലിഫോൺ ചാർജ്ജ്, മൈനർ വർക്ക്സ് ഇലക്ട്രിസിറ്റി ചാർജസ് തുടങ്ങിയവയ്ക്കായി 2016-17 ബജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-96—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം :30,54,00,000 രൂപ (പദ്ധതി)

67. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്ന ഒരു നോൺ പ്രോഫിറ്റ് കമ്പനിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കിൽ ഡെവലപ്പ്മെന്റിന് 2016-17 വർഷം, IIIC കൺസ്ട്രക്ഷൻ നഴ്സിംഗ്, സെക്യൂരിറ്റി എന്നീ അക്കാഡമികൾ, ഹോസ്പിറ്റാലിറ്റി, ബാങ്കിംഗ്, ഫിനാൻസ്, ഓട്ടോമോട്ടീവ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ്, ഹൈടെക് ഓട്ടോമോഷൻ ആന്റ് മെക്കാട്രോണിക്ക്, എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ്, കോമൺ ഫെസിലിറ്റി, നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് 2017, സ്കിൽ ഫിയസ്റ്റ 2017, നാഷണൽ/ഇന്റർനാഷണൽ എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റി റിസർച്ച്/ പ്ലേസ്മെന്റ് ഡിവിഷൻ, കൗശൽ കേന്ദ്ര സ്ഥാപിക്കൽ, ഹാന്റ്ലൂം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുക തുടങ്ങി കമ്പനിയുടെ വിപുലവും വൈവിദ്ധ്യവുമാർന്ന പ്രവർത്തനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2800 ലക്ഷം രൂപ അധികം വകയിരുത്തുന്നതിനു സമിതി ശിപാർശ ചെയ്യുന്നു.

2230-03-003-98 —തൊഴിലുകളുടെ വൈവിദ്ധ്യവത്ക്കരണം

വിഹിതം : 41,21,000 രൂപ (പദ്ധതിയേതരം)

68. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 17000 രൂപ അധികമായി വകയിരുത്ത ുന്നതിനു ശിപാർശ ചെയ്യുന്നു.

2230-03-003-97—കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്നവ്യക്തികൾക്കുള്ള പരിശീലനം

വിഹിതം : 94,00,000 രൂപ (പദ്ധതിയേതരം)

69. ഈ ശീർഷകത്തിൽ ശമ്പളം, യാത്രാചെലവുകൾ എന്നീ ഇനങ്ങളിൽ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമെ 1.95 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 1,29,75,55,000 രൂപ (പദ്ധതിയേതരം)

70. വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ മൈനർ വർക്ക്, ടെലിഫോൺ ചാർജസ്, സ്റ്റൈപ്പന്റ് യാത്രാചെലവുകൾ, മലയാളഭാഷ നടത്തിപ്പ്, മറ്റിനങ്ങൾ തുടങ്ങിയവയ്ക്കായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 494.47 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 2,57,92,000 രൂപ (പദ്ധതിയേതരം)

71. ഈ ശീർഷകത്തിൽ ശമ്പളം, വേതനം, യാത്രാചെലവുകൾ, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 29.01 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-94 — മോഡൽ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ (70%കേന്ദ്രസഹായം)

വിഹിതം : 1000 രൂപ

72. ഐ.ടി.ഐ.കൾ വഴി മേന്മയുള്ള തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി നിലവിലുള്ള സർക്കാർ ഐ.ടി.ഐ കളിൽ നിന്നും മിനിമം ഒരു ഐ.ടി.ഐ. വീതം എല്ലാ സംസ്ഥാനങ്ങളിലും മോഡൽ ഐ.ടി.ഐ. ആക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ പുതിയ പദ്ധതിയാണിത്. പ്രസ്തുത മോഡൽ ഐ.ടി.ഐ കൾ പ്രാദേശിക വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള വൈദഗ്ധ്യവും പരിശീലനവും നൽകുന്നതിനുവേണ്ടിയുള്ള 'ഡിമാന്റ് സെന്റർ' കളായി പ്രവർത്തിക്കുന്ന ഈ പദ്ധതിയിൻ കീഴിൽ നിലവിലുള്ള

ഗവൺമെന്റ് കളമശ്ശേരി ഐ.റ്റി.ഐ.-യെ ഇത്തരത്തിൽ മോഡൽ ഐ.ടി.ഐ. ആക്കുന്നതിന് വേണ്ടിയുള്ള തുകയുടെ സംസ്ഥാന വിഹിതമായി 2016-17 വർഷം ടോക്കൺ തുക മാത്രം വകയിരുത്തിയിരിക്കുന്നതിനാൽ പദ്ധതിയുടെ നടത്തിപ്പിന് ഈ ഇനത്തിൽ 499.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-83—ഐ.ടി.ഐ.കൾ ഉത്കൃഷ്ടസ്ഥാപനങ്ങളായി ഉയർത്തൽ (75%കേന്ദ്രസഹായം)

വിഹിതം :1,00,00,000 രൂപ (പദ്ധതി)

73. സംസ്ഥാനത്ത് നിലിവിലുള്ള ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അഞ്ച് ഐ.ടി.ഐ.കൾ ആഭ്യന്തര ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്നും ഏഴ് ഐ.ടി.ഐ.കൾ വേൾഡ് ബാങ്ക് പദ്ധതിയിൻ കീഴിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കിവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. 25% സംസ്ഥാന സർക്കാർ വിഹിതവും 75% കേന്ദ്രസർക്കാർ വിഹിതവുമുള്ള ഈ പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ഉപകരണ സംഭരണങ്ങൾക്കായി 225 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-80—പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല

74. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ ഐ.റ്റി.ഐ.കളിലെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 180.05 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 78,81,000 രൂപ (പദ്ധതിയേതരം)

75. ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിലായി 2016-17 ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 17.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-74—വനിതാ ഐ.റ്റി.ഐ.കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)

വിഹിതം : 1,84,64,000 രൂപ (പദ്ധതിയേതരം)

76. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 24.90 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 4,33,61,000 രൂപ (പദ്ധതിയേതരം)

77. ഈ ശീർഷകത്തിൽ യാത്രാചെലവുകൾ, ടെലഫോൺ ചാർജ്ജസ്, ഇലക്ട്രിസിറ്റി, തുടങ്ങിയ ഇനങ്ങളിലായി 2016-17 ബജറ്റിൽ വകയിരു ത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 27.54 ലക്ഷം രൂപ അധികം വകയിരുത്തുന്നതിനു സമിതി ശിപാർശ ചെയ്യുന്നു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്

36 – സഹായധനം-ശമ്പളേതരം (കിലെ)

വിഹിതം : 2,80,00,000 രൂപ (പദ്ധതി)

78. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടൈൻമെന്റ് ടൂർ, തൊഴിൽ വകുപ്പിന്റെ വേതന സുരക്ഷാ പദ്ധതിയുടെയും ഓൺലൈൻ രജിസ്ട്രേഷനുമുള്ള ബഹുമുഖ ബോധവൽക്കരണ വാഹനം, കിലെയുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ദിനബത്ത എന്നിവയും കിലെ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി പുറത്ത് അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുമുള്ള സൗകര്യങ്ങളോടുകൂടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങി ആദ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 421 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-800-95(01)—പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : 1000 രൂപ (പദ്ധതി)(70% കേന്ദ്ര വിഹിതം)

79. പരിശീലന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ നൈപുണ്യ വികസന ദൗത്യത്തിനനുസൃതമായി പേരാമ്പ്ര (കോഴിക്കോട്), പെരുമാട്ടി (ചിറ്റൂർ, പാലക്കാട്), വാമനപുരം (തിരുവനന്തപുരം), കല്യാട് (കണ്ണൂർ) എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ. കൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അടിസ്ഥാന സൗകര്യ വികസനത്തിനും നൈപുണ്യ വികസനത്തിനും തീർത്തും അപര്യാപ്തമാണ്. പ്രസ്തുത ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിന് 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

80. നിലവിൽ കേന്ദ്രസർക്കാർ നിർത്തലാക്കിയ സ്കിൽ ഡെവലപ്മെന്റ് ഇൻഷ്യേറ്റീവ് സ്കീമിൽ (2230-03-101-67) (100% കേന്ദ്രസഹായം) സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 1998 ലക്ഷം രൂപ വകമാറ്റി, പുതിയ ഐ.റ്റി.ഐ.കൾ സ്ഥാപിക്കുക എന്ന ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

81. ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു ഐ.ടി.ഐ. സ്ഥാപിക്കണമെന്നും അതിനായി 5 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4250-00-800-99 —നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്.

വിഹിതം : 1,41,00,00,000 രൂപ (പദ്ധതി)

82. നിയമസഭാ സാമാജികരുടെ മണ്ഡല ആസ്തി വികസനത്തിനായി ഓരോ കോടി രൂപയാണ് അനുവദിക്കുന്നത്. എന്നാൽ ഈ തുക വികസന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിയമസഭാ സാമാജികരുടെ വികസന ഫണ്ട് 2 കോടി രൂപ ആയി ഉയർത്തണമെന്നും ഇതിനായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്ത ണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX

## വൈദ്യുതപദ്ധതികൾ

വോട്ടു ചെയ്യുത് - 2008758000 രൂപ

ചാർജ് ചെയ്യുത് - ഇല്ല

2801-80-101-99-33—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം -സബ്സിഡികൾ

വിഹിതം - 1000 രൂപ (പദ്ധതിയേതരം)

83. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളേയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനായി ബോർഡിന് അനുവദിച്ച സബ്സിഡി ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ട തുക സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിലേയ്ക്കും കൂടാതെ 2016-17 വർഷത്തിൽ ഈ ഇളവ് തുടരുന്നതിനും ഈ ഇനത്തിൽ 384 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2016-17 സാമ്പത്തികവർഷം തുടരുന്നതിലേയ്ക്ക് 40 ലക്ഷം രൂപ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-92— കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം: 5240,00, 000 രൂപ (പദ്ധതിയേതരം)

85. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ബോർഡിന് 2015-16 വർഷത്തെ ധനസഹായം ഇനത്തിൽ കിട്ടേണ്ട കുടിശ്ശികയായ 42.40 കോടി രൂപ E-LAMS-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് ബോർഡിന് അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 4240 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-91—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)
വിഹിതം : 6,77,00,000 രൂപ (പദ്ധതി)

86. 9.25 കോടി രൂപ ചെലവിൽ 500 KWP ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് നിർമ്മിക്കാനുള്ള പദ്ധതിയ്ക്കായി 2016-17-ൽ E-LAMS-ൽ ഉൾപ്പെടുത്തിയ 2.6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-90 —രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (സംസ്ഥാന വിഹിതം)

വിഹിതം : 1000 രൂപ (പദ്ധതി)

87. രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതികളുടെ 2015-16-ലെ സർക്കാർ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപ ഇതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നും

പ്രസ്തുത തുക 2016-17-ൽ E-LAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ E-LAMS-ൽ ഉൾപ്പെടുത്തിയ പ്രസ്തുത 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-87—ദീൻദയാൽ ഉപാദ്ധ്യായ ഗ്രാംജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) (സംസ്ഥാന വിഹിതം)

വിഹിതം : 1,00,000 രൂപ (പദ്ധതി)

88. 60% കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായും 30% ലോണായും 10% സംസ്ഥാന വിഹിതമായുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാം ജ്യോതിയോജന പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ രണ്ടുവർഷ കാലാവധിയിൽ തീർക്കേണ്ട പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതത്തിന്റെ ഒന്നാം ഗഡുവായി 1,999.20 ലക്ഷം രൂപഅധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-86—സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്) (സംസ്ഥാന വിഹിതം)

വിഹിതം : 1,00,000 രൂപ (പദ്ധതി)

89. 60% കേന്ദ്രവിഹിതവും 30% വായ്പയും 10% സംസ്ഥാന വിഹിതവും പ്രകാരം സംയോജിത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 592.07 കോടി രൂപയുടെ പദ്ധതികൾ 15-6-2016-ൽ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 3,000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-85— ട്രാൻസ്ഗ്രിഡ് 2.0 (ന്യൂ ജനറേഷൻ ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ)

വിഹിതം : 1,00,000 രൂപ (പ്ലാൻ)

90. 2032-വരെയുള്ള വൈദ്യുതി പ്രസരണ ആവശ്യകത നിറവേറ്റുന്നത് ലക്ഷ്യമാക്കി ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ 2016-17-ൽ ആരംഭിക്കുന്ന ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആറ് 220 കെ.വി. സബ് സ്റ്റേഷന്റേയും അനുബന്ധ ലൈനുകളുടേയും നിർമ്മാണവും കക്കയം HTLS പാക്കേജും ഏറനാട് 400/220 കെ.വി. ലൈനിന്റെ നിർമ്മാണവും നടത്തുന്നതിനായി 2016-17-ലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,999 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-99—നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതികൾ

വിഹിതം : 2,03,00,000 രൂപ (പദ്ധതിയേതരം)

91. ലെജിസ്ലേറ്റീവ് അസംബ്ലി കോൺസ്റ്റിറ്റ്യുവൻസി ഡെവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ്, പാലക്കാട് ടൗണിലെ അഗ്രഹാരങ്ങളിൽ രഥോത്സവ സമയത്ത് തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനായി കേബിൾ സ്ഥാപിക്കുക, തോപ്പുംപടി ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി രണ്ടുനില കെട്ടിടം നിർമ്മാണം, പാത്രക്കണ്ടം കോളനി വൈദ്യുതീകരണം, വല്ലച്ചിറ ഗ്രാമപഞ്ചായത്തിലും നെന്മണിക്കര ഗ്രാമപഞ്ചായത്തിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പല പദ്ധതികൾക്കും ലഭിക്കുവാനുള്ള തുക ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി 124.44 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-800-98 —കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ലെ മുൻഗണനാ പരിപാടികളുടെ നിർവ്വഹണം

വിഹിതം : ഇല്ല

92. പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അഞ്ച് സബ്സ്റ്റേഷനുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിനിയോഗിക്കുവാൻ 1 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിക്കുകയുണ്ടായെങ്കിലും പ്രസ്തുത തുക പുതുക്കിയ ബഡ്ജറ്റിൽ 50 ലക്ഷമായി കുറച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുറവു ചെയ്ത 50 ലക്ഷം രൂപ കൂടി ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-99 —ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനർട്ട്) ധനസഹായം

വിഹിതം : 298,33,000 രൂപ (പദ്ധതിയേതരം)

93. അനർട്ടിന്റെ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ജീവനക്കാർക്കുള്ള ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കും 2016-17 വർഷത്തെ കുടിശ്ശികയിനത്തിൽ 50 ലക്ഷം രൂപ നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

94. കഴിഞ്ഞ കാലങ്ങളിൽ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ നിന്നും പദ്ധതിയേതര ചെലവുകൾ വഹിക്കുന്ന സാഹചര്യം അനർട്ടിൽ നിലനിൽക്കുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരത്തിൽ വികസനപ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക, വക മാറ്റി ചെലവഴിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത് ഒഴിവാക്കുന്നതിന് അനെർട്ടിന് പദ്ധതിയേതര ഇനത്തിൽ ആവശ്യമായ തുക നിർബന്ധമായും വകയിരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അനർട്ടിന്റെ പദ്ധതിയേതര ചെലവുകൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയ്ക്കു പുറമേ 353.78 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95. സാധ്യതകൾ ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുമായി കൂടുതൽ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിൽ നിയമിക്കണമെന്നും അനർട്ടിന്റെ സമഗ്ര വികസനത്തിനായി ധനകാര്യ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-94—മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി (എം.റ്റി.എസ്.എൽ.)

വിഹിതം : 200,00,000 രൂപ (പദ്ധതി)

4810-00-800-99—മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ് ലബോറട്ടറി മരാമത്ത്പണികൾ

വിഹിതം : 5,30,00,000 രൂപ (പദ്ധതി)

96. ബി.ഐ.എസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി വൈദ്യുതി ഉപകരണങ്ങൾ, പൊതുജനങ്ങൾ ഉപയോഗിക്കുന്ന സംരക്ഷണ ഉപാധികൾ തുടങ്ങിയവയുടെ നിർമ്മാണം, ശേഖരണം, വില്പന, വിതരണം എന്നിവയ്ക്കായാണ് 2810-00-800-94 എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. സോളാർ ഫോട്ടോ വോൾട്ടാമിക് സിസ്റ്റത്തിന്റെ ലൈസൻസിംഗും പരിശോധന സൗകര്യങ്ങളും ഉൾപ്പെടുത്തുക, എറണാകുളത്തും കോഴിക്കോട്ടുമുള്ള റീജണൽ ലബോറട്ടറികളിൽ എനർജി മീറ്റർ ടെസ്റ്റ് ബ്രാഞ്ച് സ്ഥാപിക്കൽ, എൽ.ഇ.ഡി. ലൈറ്റിങ് പരിശോധിക്കുന്നതിനുള്ള മൊബൈൽ ടെസ്റ്റിംഗ് യൂണിറ്റ് സജ്ജമാക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായാണ് 4810-00-800-99 എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

97. ഇൻസ്പെക്ടറേറ്റിന്റെ മേൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനുമായി സ്ഥാപിച്ച ഉപകരണങ്ങൾക്കുള്ള ചെലവിനത്തിൽ കുടിശ്ശിക ബാധ്യത തീർക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം 21.99 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ ആയി ലഭിച്ചെങ്കിലും ട്രഷറി നിയന്ത്രണം മൂലം വകുപ്പിന് തുക ലഭിച്ചിട്ടില്ലെന്നും കൂടാതെ ഇലക്ട്രോണിക് ലഡ്ജറിലേയ്ക്ക് മാറ്റിയ രൂപയും വകുപ്പിന് ലഭിക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

98. ആയതിനാൽ കുടിശ്ശിക ബാധ്യതകൾ നൽകുന്നതിനായി 2810-800-94 എന്ന ശീർഷകത്തിൽ 88.71 ലക്ഷവും 4810-800-99 എന്ന ശീർഷകത്തിൽ 63.44 ലക്ഷവും രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-93 —എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 7566000 രൂപ (പദ്ധതിയേതരം)

99. ഇ. എം. സി. യുടെ പ്രവർത്തനം കേരളത്തിൽ മുഴുവനും വ്യാപിപ്പിക്കുന്നതിലേയ്ക്കായി എല്ലാ പഞ്ചായത്തുകളിലും ബോധവൽക്കരണ പരിപാടികൾ നടത്തിവരികയാൽ ജീവനക്കാർക്ക് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും യാത്ര

ചെയ്യേണ്ടതായി വരുന്നതിനാൽ പ്രസ്തുത ചെലവുകൾക്കും, പോസ്റ്റ്, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി, വാട്ടർ, പ്രിന്റിംഗ് ചാർജ്ജ്, കരം നികുതി പി.ഒ.എൽ എന്നീ ഇനങ്ങളിലേയ്ക്കുമായി 2016-17 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 91.19 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

4801-80-101-99— കെ.എസ്.ഇ.ബി. ലിമിറ്റഡ് -നിക്ഷേപങ്ങൾ

വിഹിതം : ഇല്ല

100. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിക്ഷേപങ്ങൾ എന്ന ഇനത്തിൽ തിരുവനന്തപുരം മുട്ടത്തറയിൽ ഇൻഡ്യൻ എയർഫോഴ്സിനു വേണ്ടി അനുവദിച്ച 20 ഏക്കർ ഭൂമിയിൽ സബ്സ്റ്റേഷൻ പണിയുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 13.6281 കോടി രൂപയിൽ 3.6281 കോടി രൂപ ലഭിച്ചുവെന്നും ബാക്കി തുകയായ 10 കോടി രൂപ 2016-17-ൽ E-LAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സബ് സ്റ്റേഷന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച തുകയിൽ ശേഷിക്കുന്ന തുകയായ 4163.19 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി 2016-17-ൽ അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഇടമൺ കൊച്ചി പാതയിൽ 400 കെ. വി. പ്രസരണ ലൈൻ വലിക്കുന്നതിന് നഷ്ടപരിഹാരം

101. ഇടമൺ-കൊച്ചി പാതയിൽ 400 കെ.വി പ്രസരണ ലൈയിൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരതുക നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ പുതിയൊരു ശീർഷകം (റവന്യൂ വിഭാഗത്തിൽ) അനുവദിക്കണമെന്നും ആകെ നഷ്ടപരിഹാര തുകയായി പ്രാഥമികമായി കണക്കാക്കിയിരിക്കുന്ന 1020 കോടി രൂപയിൽ സർക്കാർ വിഹിതമായി 510 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

102. സർവ്വേ നടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുമ്പോൾ ഈ ഇനത്തിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കൂടുതൽ തുക ആവശ്യമായി വരുന്ന മുറയ്ക്ക് ആയത് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സൗരോർജ്ജ പദ്ധതികൾ**

103. പുതിയ സൗരോർജ്ജ പദ്ധതികളുടെ നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പുതിയ ശീർഷകം അനുദിക്കണമെന്നും പ്രസ്തുത ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 14,578 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ലാമ്പുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവയുടെ നിർമ്മാർജനത്തിനായി പ്ലാന്റ് തുടങ്ങുന്നതിന് പദ്ധതി

104. ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റുകളിലും സി.എഫ്.എൽ. ലാമ്പുകളിലും അടങ്ങിയിരിക്കുന്ന മെർക്കുറിയും മറ്റു രാസപദാർത്ഥങ്ങളും മണ്ണിൽ കലരുന്നതുമൂലം മനുഷ്യനും പ്രകൃതിക്കും മൃഗങ്ങൾക്കും ദോഷകരമായി വരികയും കാൻസർ മുതലായ രോഗങ്ങൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നതായും സമിതി ആശങ്കപ്പെടുന്നു. ഇതിനു പരിഹാരമായി ഇത്തരം ലൈറ്റുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങൾ ഭൂമയിൽ കലരാതെ പൂർണ്ണമായും റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു.

105. ഗുരുതരമായ ഈ സാഹചര്യം കണക്കിലെടുത്ത് ഇത് സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പഠനറിപ്പോർട്ട് സർക്കാർ പരിശോധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ഒരു സി.എഫ്.എൽ. റീസൈക്ലിംങ് പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

106. ഇ.എം.സി.യുടെ ഡി.പി.ആർ പ്രകാരം സി.എഫ്.എൽ. റീസൈക്ലിംങ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് പ്രസ്തുത തുക പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.